## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആവഡ – ഡ്രൈവർമാരുടെ 01.09.2011 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ ശ്രീ. സുകുമാരൻ. ടി യുടെ പേര് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1. 09.02.2017 ലെ കാഞ്ഞങ്ങാട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2-16312/2016 നമ്പർ കത്ത്.
2. Adv. No. KGD IV (2) 4218/06 തീയതി 04.09.2012 എന്ന കാസർഗോഡ് പി.എസ്.സി യുടെ കത്ത്.
3. 13.09.2012 ലെ ഡ്രഗ്സ് കൺട്രോളറുടെ ഇ1-13842/2011 നമ്പർ ഉത്തരവ്
4. 21.02.2014 ലെ ആകുവ (എഫ്) വകുപ്പിന്റെ 594/2014 എന്ന ഉത്തരവ്
5. 24.06.2016 ലെ കാഞ്ഞങ്ങാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 4019/2014 എന്ന ഉത്തരവ്
6. ഉത്തരവ് നം. ഇ.എസ്2-7000/2015/ആവഡ തീയതി 18.09.2015
7. ഈ ആഫീസിലെ 04.10.2017 ലെ ഇതേ നമ്പർ നോട്ടീസ്

### ഉത്തരവ് നം. ഇ.എസ്2-7000/2015/ആവഡ തീയതി 06.12.2017

ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01.09.2011 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി കാഞ്ഞങ്ങാട് സർക്കാർ നഴ്സിംഗ് സ്കൂളിലെ ഡ്രൈവർ ഗ്രേഡ്-II ആയ ശ്രീ. സുകുമാരൻ. ടി യുടെ അപേക്ഷ സൂചന 1 പ്രകാരം അയച്ചു നൽകിയിരിക്കുന്നു.

ശ്രീ. സുകുമാരൻ. ടി സൂചന 2 പ്രകാരമുള്ള കാഞ്ഞങ്ങാട് പി.എസ്.സി യുടെ നിയമന ശുപാർശയുടെയും സൂചന 3 പ്രകാരമുള്ള ഡ്രഗ്സ് കൺട്രോളറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 25.09.2012 ൽ രണ്ടാം ഗ്രേഡ് ഡ്രൈവറായി ജോലിയിൽ പ്രവേശിച്ചു.

തുടർന്ന് സൂചന 4 പ്രകാരം ടിയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും അന്തർവകുപ്പ് സ്ഥലം മാറ്റം വഴി 17.05.2014 ൽ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സൂചന 5 പ്രകാരം ടിയാൻ 17.05.2016 ൽ പരിവീക്ഷാകാലം പൂർത്തീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരമുള്ള രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01.09.2011 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ 163 (എ) ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് സൂചന 7 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ കാഞ്ഞങ്ങാട് സർക്കാർ നഴ്സിംഗ് സ്കൂളിലെ ഡ്രൈവർ ശ്രീ. സുകുമാരൻ. ടി യെ ഡ്രൈവർമാരുടെ 01.09.2011 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ 163 എ എന്ന നമ്പറായി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| നം | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിട്ടി കണക്കാക്കിയ തീയതി | നിലവി ലെ റാങ്ക് നം. | പുതുക്കിയ റാങ്ക് നം. | പി.എസ്.സി യുടെ ശുപാർശ |
|---|---|---|---|---|---|---|---|
| 1. | Sakkir Hussain Kottathodika | 24.05.1969 | 30.07.2014 | 06.05.2014 | 163 | 163 | Adv. No. MR II (2) 340/07/KPSC MLPM dtd 06.05.14 |
| 2. | Sukumaran. T | 13.05.1982 | 17.05.2014 | 17.05.2014 | NIL | 163 (A) | Inter Departmental transfer joined HSD on 17.05.2014 |
| 3 | Saifudeen. P.K | 17.01.1970 | 30.06.2014 | 04.06.2014 | 164 | 164 | Adv. No. MR II (2) 340/07/KPSC MLPM dtd 04.06.14 |

സൂചന 6 ലെ ഉത്തരവ് ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്/-
**അജയമോഹൻ. സി.എം**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. പ്രിൻസിപ്പാൾ, കാഞ്ഞങ്ങാട് സർക്കാർ നഴ്സിംഗ് സ്കൂൾ
3. ശ്രീ. സുകുമാരൻ. ടി, ഡ്രൈവർ, സർക്കാർ നഴ്സിംഗ് സ്കൂൾ
4. വെബ്സൈറ്റ്/ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്